HON'BLE MR. C. KESAVAN: Yes, Schemes for harnessing the waters of the major rivers like the Periyar, Pampa and Manimala are under investigation.

കൃഷിയാവശ്യത്തിനു വളം.

417. MR. K. RAMAKRISHNA PILLAI: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി സദയം മറുപടി പറയുമോ ?

കുട്ടനാട്ടിലെ കൃഷി ആവശ്യത്തിനായി വളം സൗജന്യനിരക്കിൽ നൽകണമെന്നു കാണിച്ചു വല്ല നിവേദനവും ലഭിച്ചിട്ടുണ്ടോ ?

HON'BLE MR. K. M. KORAH: ഉണ്ട്.

അഗാധജലമത്സ്യബന്ധനത്തെപ്പറ്റി റിപ്പോർട്ട്

MR. WILSON PETER (*Shertalai III—Lattin Catholic*): താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട മത്സ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ ?

(എ) യൂണിവേഴ്സിറ്റി പ്രൊഫസർ ഡാ: സി. സി. ജാൺ അഗാധജലമത്സ്യബന്ധനത്തെപ്പറ്റി ബഹു: ഗവണ്മെൻറിനു ഒരു റിപ്പോർട്ടു സമർപ്പിച്ചിട്ടുണ്ടോ ?

(ബി) പ്രസ്തുത പദ്ധതിയുടെ സാദ്ധ്യതകളെപ്പറ്റി മറ്റാരെങ്കിലും ഒരു റിപ്പോർട്ടു സമർപ്പിച്ചിട്ടുണ്ടോ ?

(സി) ഈ റിപ്പോർട്ടുകളുടെ കാപ്പികൾ മെമ്പറന്മാരുടെ അറിവിനായി മേശമേൽ വയ്ക്കുമോ ?

(ഡി) ഡാ. ജാണിന്റെ റിപ്പോർട്ടു ഉപസംഹരിക്കുന്നതു പ്രകാരം ഈ പദ്ധതിയുടെ വിജയത്തിൽ സംശയം രേഖപ്പെടുത്തിയിട്ടുണ്ടോ ?

(ഇ) ഉണ്ടെങ്കിൽ ഈ ഘട്ടത്തിൽ അതിനായി പൊതുസ്വത്തിൽ നിന്നും പണം വിനിയോഗിക്കുന്നതു ബുദ്ധിപൂർവ്വമാണോ?

HON'BLE MR. K. M. KORAH: (എ) ഇല്ല.

(ബി) ഇല്ല.

(സി) (ഡി) (ഇ) മുൻ ഉത്തരങ്ങളെ ആസ്പദമാക്കി നോക്കുമ്പോൾ ഈ ചോദ്യങ്ങൾ ഉദ്ഭവിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly